വിളപ്പിൽശാലയിൽ സ്ഥാപിച്ചിട്ടുള്ള ജൈവവള നിർമ്മാണ ഫാക്ടറി

126 (524) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷൻ വിളപ്പിൽശാലയിൽ സ്ഥാപിച്ചിട്ടുള്ള ജൈവവളനിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ നാളിതുവരെ പ്രസ്തുത ഫാക്ടറിയുടെ ഉദ്ദേശലക്ഷ്യങ്ങൾ നേടിയെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ ;

(സി) വിളപ്പിൽശാല ജൈവവള ഫാക്ടറി പൂർണ്ണമായും യന്ത്രവൽക്കരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഫാക്ടറിയുടെ പ്രവർത്തനശേഷി ഇപ്പോൾ എത്രയെന്ന് വ്യക്തമാക്കുമോ ; ഫാക്ടറിയുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കേണ്ടി വരുമെന്ന് കരുതുന്നുണ്ടോ ;

(ഇ) എങ്കിൽ ആവശ്യമായിട്ടുള്ള ഖരമാലിന്യങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) പ്രസ്തുത ഫാക്ടറിയുടെ മൊത്തം ചെലവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ ;

(ജി) വിളപ്പിൽശാലയുടെ സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകളെയും മാലിന്യ നിർമ്മാർജ്ജന പരിപാടിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശമുണ്ടോ ;

(എച്ച്) നഗരജീവിതത്തിൽ കാര്യമായ മാറ്റം, വിനോദ സഞ്ചാരം, ഹോട്ടൽ വ്യവസായം, വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെ വളർച്ച എന്നീ ലക്ഷ്യങ്ങൾ നേടാൻ മാലിന്യ നിർമ്മാർജ്ജന പദ്ധതി എത്രകണ്ടു പ്രയോജനകരമാണെന്ന് സർക്കാർ വിലയിരുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. വിളപ്പിൽശാലയിലെ ജൈവവളഫാക്ടറിക്ക് കൂടുതൽ ആവശ്യമായ 10 ഏക്കർ സ്ഥലം കൂടി അക്വയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഫാക്ടറി, പരിസരമലിനീകരണം ഉണ്ടാകാതെ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്തെങ്കിലും ന്യൂനതകൾ കാണുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിന് അപ്പോൾ തന്നെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) 450-ഓളം ടൺ ചവർ സംസ്ക്കരിച്ചു വളമാക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ ഫാക്ടറിയിൽ ഉണ്ട്. ആയതിനാൽ ഫാക്ടറിയുടെ ശേഷി ഉടനെ വർദ്ധിപ്പിക്കേണ്ടി വരുമെന്ന് കരുതുന്നില്ല.

(ഇ) ആവശ്യമായ ചവറ് ഫാക്ടറിയിൽ എത്തിക്കുവാൻ 20 മുടിക്കെട്ടിയ വാഹനങ്ങൾ കൂടി വാങ്ങുവാൻ പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. ഇതിലേക്ക് ആവശ്യമായ തുക 2000-2001-ലെ തിരുവനന്തപുരം നഗരസഭയുടെ ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(എഫ്) ഫാക്ടറിയുടെ നിർമ്മാണം ബി.ഒ.റ്റി. വ്യവസ്ഥയിൽ പോബ്സൺ കമ്പനിയാണ്. ചെലവ് ഏകദേശം 9 കോടിയെന്ന് കണക്കാക്കിയിരിക്കുന്നു.

(ജി) തീരുമാനിച്ചിട്ടില്ല.

(എച്ച്) വിനോദസഞ്ചാരവും അതിനോടനുബന്ധിച്ചുള്ള കാര്യങ്ങളുടെയും പുരോഗതിക്ക് നഗരം ശുചിയായി സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. നഗരശുചീകരണത്തിന്റെ പ്രാധാന്യം കണക്കിലെടുത്താണ് വിളപ്പിൽശാലയിൽ നഗരത്തിലെ ചപ്പുചവറുകൾ സംസ്ക്കരിക്കുന്നതിനുള്ള ജൈവവള നിർമ്മാണശാല സ്ഥാപിച്ചിട്ടുള്ളത്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

ഗവൺമെന്റിന്റെ മുതലെടുപ്പ്

127 (387) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ഗവൺമെന്റിന്റെ മുതലെടുപ്പ് എത്രയായിരുന്നു ;

(ബി) ഈ കാലഘട്ടത്തിൽ ഗവൺമെന്റിന്റെ മുതലെടുപ്പ് എത്ര വീതമായിരിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത് ;

(സി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും ഗവൺമെന്റിന്റെ ലെവ് എത്ര വീതമായിരുന്നു ;

(ഡി) ഈ കാലഘട്ടത്തിൽ ഗവൺമെന്റിന്റെ മുതലെടുപ്പ് പ്രതീക്ഷിച്ചിരുന്നതിനേക്കാൾ കുറവായിരുന്നപക്ഷം അതിനുള്ള കാരണങ്ങളെന്താണ് ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷത്തെയും പദ്ധതിച്ചെലവും പദ്ധതിയേതരചെലവും എത്രവീതമായിരുന്നു എന്ന് പറയുമോ ;

LIBRARY ARCHIVES Kerala Legislative Assembly